**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>**

(ഹാജർ : Dr. Chithra S IAS)

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - OA No.496/2025 കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.03.2025 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ഉത്തരവ് നമ്പർ LSGD/PD/14134/2025-GEA4 തീയതി: 28-06-2025</u>**

പരാമർശം:

1) OA No.496/2025 കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.03.2025 ലെ വിധിന്യായം.
2) തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 09/12/2024 തീയതിയിലെ LSGD/PD/14688/2023-GEA4 നമ്പരായി പ്രസിദ്ധീകരിച്ച ഒന്നാം ഗ്രേഡ് ഓവർസിയർമാരുടെ അന്തിമ സീനിയോറിറ്റി പട്ടിക.
3) തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 11.01.2025 ലെ LSGD/PD/46548/2023/DEA4 ഉത്തരവ്
4) തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 24.02.2025 ലെ LSGD/PD/46548/2023/DEA4 ഉത്തരവ്
5) സ.ഉ(അ) നം.74/2022/LSGD തീയതി 27.10.2022

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ (LID&EW) വകുപ്പിലെ ഒന്നാം ഗ്രേഡ് ഓവർസീയർ ആയ ശ്രീമതി.രേണു.ആർ നായർ മുതൽ പേർ OA No.496/2025 ആയി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച കേസ് തീർപ്പാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിരുന്നു. ടി വിധിന്യായ പ്രകാരം അപേക്ഷകർ കേസിലെ 2-ാാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുമ്പാകെ സമർപ്പിച്ചിരുന്ന അനക്ഷർ A11 അപേക്ഷകൾ ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനകം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നിയമാനുസൃതം പരിഗണിച്ചും, അപേക്ഷകരെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേട്ടും തീർപ്പാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്.

ആയത് പ്രകാരം OA No.496/2025 കേസിലെ അപേക്ഷകരെയും എതിർകക്ഷികളെയും 22.05.2025 ന് നേരിൽ കേട്ടിരുന്നു. അനക്ഷർ എ11 അപേക്ഷയിൽ രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം വഴി ഒന്നാം ഗ്രേഡ് ഓവർസീയർ ആയ ഡിപ്ലോമ യോഗ്യതയുള്ള തങ്ങളെ തസ്വഭവ ചീഫ് എൻജിനീയറുടെ 15.07.2020 ലെ ഇ22/101/2013/സിഇ/എൽ.എസ്.ജി.ഡി സർക്കുലർ പ്രകാരം യോഗ്യത തെളിയിക്കുന്ന രേഖകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഡിപ്ലോമ ക്വാട്ടയിലേയ്ക്ക് മാറ്റിയിരുന്നു എന്നും പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയിലും തങ്ങൾ ഡിപ്ലോമ ക്വാട്ടയിൽ തന്നെയാണ് ഉൾപ്പെട്ടിട്ടുള്ളത് എന്നും ബോധിപ്പിച്ചിട്ടുണ്ട്. പരാമർശം (2) ഉത്തരവിൽ രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം വഴി ഒന്നാം ഗ്രേഡ് ഓവർസീയർ നിയമനം ലഭിക്കുന്നവർ സർട്ടിഫിക്കറ്റ് ക്വാട്ടയിലാണ് ഉൾപ്പെടേണ്ടത്

എന്ന് പരാമർശിക്കുന്നതിനാൽ ക്രമപ്രകാരമല്ലാതെ ക്വാട്ട മാറ്റപ്പെട്ടതും; തങ്ങളുടെ ജൂനിയർമാരായ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെട്ടവർക്ക് ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതും പരിഗണിച്ച് സീനിയോറിറ്റി പട്ടിക പുന:പരിശോധിച്ച് അർഹമായ സീനിയോറിറ്റി പുന:സ്ഥാപിച്ച് തങ്ങളെ ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കണം എന്നാണ് അപേക്ഷിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച ഹിയറിംഗിൽ പരാമർശം (3), (4) ഉത്തരവുകൾ പ്രകാരവും തുടർന്ന് 16.03.2025-ലും അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലേയ്ക്ക് ഡിപ്ലോമ, സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവർക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് 3:1 എന്ന ക്വാട്ട പാലിച്ചല്ല എന്നും OA No.496/2025 കേസിലെ അപേക്ഷകർ അറിയിച്ചു. പ്രസ്തുത ഉത്തരവുകൾ പ്രകാരം 60 പേർക്ക് ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ചതിൽ 39 പേർക്ക് മാത്രമാണ് ഡിപ്ലോമ ക്വാട്ടയിൽ നിന്നും ഉദ്യോഗക്കയറ്റം ലഭിച്ചത് എന്നും ഒന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിൽ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉദ്യോഗക്കയറ്റം ലഭിച്ച ഒരാൾ വിരമിക്കുകയോ എൽ.പി.ആർ-ൽ പ്രവേശിക്കുകയോ ചെയ്യുന്നതിന് അനുസൃതമായി ഉണ്ടാകുന്ന ഒഴിവിൽ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ നിന്നു തന്നെ ഒരാളിന് ഉദ്യോഗക്കയറ്റം നൽകുന്ന തെറ്റായ രീതിയാണ് നിലവിൽ പിൻതുടരുന്നത് എന്നും അപേക്ഷകർ ഹിയറിംഗിൽ ചൂണ്ടിക്കാട്ടി. നിലവിലുണ്ടാകുന്ന ഒഴിവുകളിൽ ഡിപ്ലോമ, സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവർക്ക് 3:1 എന്ന അനുപാതത്തിൽ ഉദ്യോഗക്കയറ്റം അനുവദിക്കുകയാണ് വേണ്ടതെന്നും അപേക്ഷകർ ഹിയറിംഗിൽ അറിയിച്ചു. ഡിപ്ലോമ യോഗ്യതയുള്ള രണ്ടാം ഗ്രേഡ് ഓവർസിയർമാരെ ഓപ്ഷൻറെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പട്ടികയിൽ ഡിപ്ലോമ ക്വാട്ടയിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ലെന്നും ആയത് പുന:പരിശോധിക്കണമെന്നുമുള്ള അനക്ഷർ എ11-ലെ ആവശ്യം ഹിയറിംഗിൽ അപേക്ഷകർ ഉന്നയിച്ചിരുന്നില്ല. ഇത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പട്ടിക സംബന്ധിച്ച് തങ്ങൾക്ക് ആക്ഷേപം ഇല്ല എന്നും ഉദ്യോഗക്കയറ്റത്തിൽ 3:1 അനുപാതം പാലിക്കുന്നത് ക്രമപ്രകാരമല്ല എന്ന ആക്ഷേപമാണ് പരിഹരിക്കേണ്ടത് എന്നും കേസിലെ അപേക്ഷകർ അറിയിക്കുകയും ആയത് രേഖാമൂലം ഹിയറിംഗിൽ സമർപ്പിക്കുകയും ചെയ്തു.

OA No.496/2025-ൽ കക്ഷിചേർക്കപ്പെട്ട എതിർകക്ഷികളെ നേരിൽ കേട്ടതിൽ തങ്ങൾ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഡി.പി.സി ലിസ്റ്റ് പ്രകാരം പരിഗണിക്കപ്പെട്ട് അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചവരാണെന്നും ഉദ്യോഗക്കയറ്റത്തിൽ 3:1 അനുപാതം പാലിക്കുന്നതിൽ നിലവിലെ രീതി തന്നെ പിൻതുടരണമെന്നും ആവശ്യപ്പെട്ടു. ഉണ്ടാകുന്ന ഒഴിവുകളിൽ 3:1 അനുപാതം പാലിക്കണമെന്ന ആവശ്യം കേഡർ സ്ട്രെങ്ത് പ്രകാരമുള്ള റേഷ്യോ പാലിക്കുന്നതിന് കഴിയാത്ത സ്ഥിതി സംജാതമാക്കുമെന്നും പ്രസ്തുത ജീവനക്കാർ ബോധിപ്പിച്ചു. കൂടാതെ 27.11.2007 ലെ സ.ഉ(പി) നം.271/2007/തസ്വഭവ പ്രകാരമുള്ള കേരള തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് സർവ്വീസസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 3 ൽ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലേയ്ക്ക് നേരിട്ടും ഉദ്യോഗക്കയറ്റം വഴിയുമുള്ള നിയമനങ്ങളുടെ അനുപാതം പാലിക്കേണ്ടത് കേഡർ സ്ട്രെങ്ങ്തിനെ അടിസ്ഥാനമാക്കിയാണ്, ഒഴിവിന്റെ അടിസ്ഥാനത്തിലല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട് എന്നതും ഹിയറിംഗിൽ അറിയിച്ചു. ഡിപ്ലോമ ക്വാട്ടയിലേയ്ക്ക് സ്വമേധയാ ഓപ്ഷൻ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് കേസിലെ അപേക്ഷകർ ഡിപ്ലോമ ക്വാട്ടയിലേയ്ക്ക് മാറ്റപ്പെട്ടിട്ടുള്ളത്

എന്നും അപേക്ഷകരുടെ വാദം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിക്കണമെന്നും OA No.496/2025 കേസിലെ എതിർ കക്ഷികളായ ജീവനക്കാർ ആവശ്യപ്പെട്ടു.

അപേക്ഷകർ അനക്ഷർ എ11 -പ്രകാരം ഡിപ്ലോമ ക്വാട്ടയിലേയ്ക്ക് തങ്ങളെ മാറ്റിയത് ക്രമപ്രകാരമല്ലെന്നും സീനിയോറിറ്റി പട്ടിക പുന:പരിശോധിച്ച് തങ്ങളുടെ സ്ഥാനം പുന:ക്രമീകരിക്കണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത് എങ്കിലും ഡിപ്ലോമ ക്വാട്ടയിലേയ്ക്ക് തങ്ങൾ ഓപ്ഷൻ നൽകിയതിൽ ഉറച്ച് നിൽക്കുന്നു എന്നും സീനിയോറിറ്റി പട്ടിക സംബന്ധിച്ച് തങ്ങൾക്ക് ആക്ഷേപം ഇല്ല എന്നും ഹിയറിംഗിൽ അറിയിക്കുകയും രേഖാമൂലം സമർപ്പിക്കുകയും ചെയ്തു. ഒന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും ഡിപ്ലോമ, സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെട്ടവർക്ക് അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിൽ 3:1 എന്ന അനുപാതം പാലിക്കുന്ന രീതി സംബന്ധിച്ചാണ് തങ്ങളുടെ ആക്ഷേപം എന്നും ഹിയറിംഗ് സമയത്ത് രേഖാമൂലം ലഭ്യമാക്കിയ സമർപ്പണത്തിൽ OA No.496/2025 കേസിലെ അപേക്ഷകർ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ തന്നെ അനക്ഷർ എ11-ലെ സീനിയോറിറ്റി പട്ടിക പുന:പരിശോധിക്കണമെന്ന ആവശ്യം സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതായിട്ടില്ല. അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിൽ ഡിപ്ലോമ, സർട്ടിഫിക്കറ്റ് യോഗ്യത ഉള്ളവരിൽ നിന്നും 3:1 എന്ന അനുപാതം പാലിക്കുന്നത് ക്രമ പ്രകാരമല്ല എന്ന ആക്ഷേപമാണ് പ്രധാനമായും പരിഹരിക്കപ്പെടണമെന്ന് ഹിയറിംഗിലും OA No.496/2025 കേസിലും അപേക്ഷകർ ഉന്നയിച്ചിട്ടുള്ളത്.

പരാമർശം (5) പ്രകാരമുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസ്, 2022 വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 5 ൽ തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ സിവിൽ വിംഗിലെ നിയമന രീതിയും യോഗ്യതയും വ്യവസ്ഥ ചെയ്യുന്നതിൽ നോട്ട് 1-ൽ നേരിട്ടും ബൈട്രാൻസ്ഫർ മുഖേനെയുമുള്ള നിയമനങ്ങളുടെ അനുപാതം 6:4 ആണെന്നും നേരിട്ടുള്ള നിയമനങ്ങളുടെ 10% എൽ.എസ്.ജി.ഡി സബോർഡിനേറ്റ് സർവ്വീസിലെ യോഗ്യരായ ജീവനക്കാരിൽ നിന്നും ബൈ ട്രാൻസ്ഫർ നിയമനം മുഖേനെയായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. നോട്ട് 2-ൽ അസിസ്റ്റൻറ് എൻജിനീയർ തസ്തികയിലേക്ക് ഫീഡർ കാറ്റഗറിയിൽ നിന്നുള്ള ബൈട്രാൻസ്ഫർ നിയമനം ഡിപ്ലോമ, സർട്ടിഫിക്കറ്റ് ഹോൾഡർമാരിൽ നിന്നും 3:1 റേഷ്യോ പാലിച്ചായിരിക്കും എന്നും ഡിപ്ലോമ, സർട്ടിഫിക്കറ്റ് ഹോൾഡർമാർക്ക് പ്രത്യേക സീനിയോറിറ്റി പട്ടിക തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. നോട്ട് 3 ൽ *The ratio fixed for appointment by direct recruitment and by transfer shall be applied to the cadre strength of posts of Assistant Engineer and not to the vacancies* എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ അനുവദിക്കപ്പെട്ടിട്ടുള്ള അംഗബലമായ 1296-ൽ പി.എസ്.സി മുഖേന നേരിട്ട് 700 ഉം, പി.എസ്.സി റിക്രൂട്ട്മെൻറ്ബൈട്രാൻസ്ഫർ മുഖേന 78 ഉം നിയമനങ്ങളാണ് നടത്തേണ്ടത്. ഫീഡർ കാറ്റഗറിയായ ഒന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും ഡിപ്ലോമക്കാർക്കും സർട്ടിഫിക്കറ്റുകാർക്കും 3:1 അനുപാതം പാലിച്ചാണ് അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിലേക്ക് ബൈട്രാൻസ്ഫർ മുഖേന നിയമനം നടത്തുന്നത്.

സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്ന പ്രകാരം ഡിപ്ലോമക്കാർക്കും സർട്ടിഫിക്കറ്റുകാർക്കും വ്യത്യസ്ത ലിസ്റ്റുകൾ നടപടിക്രമം പാലിച്ച് നോട്ടിഫൈ ചെയ്യുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിലവിലുണ്ടാകുന്ന ഒഴിവുകൾ 3:1 അനുപാതം പാലിച്ച് ഉദ്യോഗക്കയറ്റം വഴി നിയമനം നടത്തുന്നത് തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ സ്പെഷ്യൽ റൂൾ പ്രകാരം പരിപാലിക്കേണ്ട ഓരോ ക്വാട്ടയിലെയും അംഗബലത്തിൽ വ്യത്യാസം വരുന്നതിന് കാരണമാകും. കൂടാതെ ആയത് കേഡർ സ്ട്രെങ്ത്തിനെ അടിസ്ഥാനമാക്കി നിയമനം നടത്തണമെന്ന പരാമർശം (5) സ്പെഷ്യൽ റൂളിലെ വ്യവസ്ഥയ്ക്ക് വിരുദ്ധവുമാണ്.

മേൽ സാഹചര്യത്തിൽ ശ്രീമതി.രേണു. ആർ. നായർ മുതൽ പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ചിട്ടുള്ള OA No.496/2025 കേസിലെ അനക്ഷർ എ11 അപേക്ഷ പ്രകാരമുള്ള സീനിയോറിറ്റി പട്ടിക പുന:ക്രമീകരിച്ച്, സീനിയോറിറ്റി പുനസ്ഥാപിച്ച് ഉദ്യോഗക്കയറ്റം അനുവദിക്കണമെന്ന ആവശ്യവും, അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലേയ്ക്ക് ഫീഡർ കാറ്റഗറിയിലെ ഡിപ്ലോമ, സർട്ടിഫിക്കറ്റ് ക്വാട്ടകളിൽ നിന്നും കേഡർ സ്ട്രെങ്ത്തിന് പകരം ഉണ്ടാകുന്ന ഒഴിവുകളെ 3:1 അനുപാതം പാലിച്ച് ഉദ്യോഗക്കയറ്റം നടത്തണമെന്ന ആവശ്യവും പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. OA No.496/2025 കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ 19.03.2025 ലെ പരാമർശം (1) വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

#ApprovedByName#
PRINCIPAL DIRECTOR

പകർപ്പ്:
1. അഡ്വക്കേറ്റ് ജനറൽ കേരള(ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട ജീവനക്കാർക്ക് (ജില്ലാ ജോയിൻറ് ഡയറക്ടർമാർ മുഖേന)
3. സീനിയർ സൂപ്രണ്ട്, DEA സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി